(ബി) നാട്ടിക നിയോജക മണ്ഡലത്തിൽ ഗാർഹിക കണക്ഷന് അപേക്ഷ നൽകി കാത്തിരിക്കുന്ന അപേക്ഷകരുടെ എണ്ണം സെക്ഷൻ ഓഫീസുകൾ തിരിച്ച് അറിയിക്കുമോ ;

(സി) കാലതാമസം കൂടാതെ കണക്ഷൻ നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പ്രസിദ്ധീകരിച്ചിട്ടുള്ള കേരള ഇലക്ട്രിസിറ്റി സപ്ലൈകോഡ് 2014 പ്രകാരം, അപേക്ഷകൻ/ അപേക്ഷക വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനാവശ്യമായ രേഖകൾ സമർപ്പിക്കുകയും ആവശ്യമായ ഉക അടയ്ക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ (മറ്റ് തർക്കങ്ങൾ ഒന്നുമില്ലെങ്കിൽ), ലൈൻ നീട്ടൽ ആവശ്യമില്ലാത്ത വൈദ്യുതി കണക്ഷനുകൾ അപേക്ഷ സ്വീകരിച്ച് ഒരു മാസത്തിനുള്ളിലും എൽ.റ്റി. ലൈൻ നീട്ടൽ ആവശ്യമുള്ള വൈദ്യുതി കണക്ഷനുകൾ ആദ്യത്തെ ഒരു കിലോമീറ്റർ വരെ 45 ദിവസത്തിനുള്ളിലും നൽകേണ്ടതാണ്. ഒരു കിലോമീറ്ററിൽ കൂടുതൽ നീളത്തിലുള്ള എൽ.റ്റി. ലൈൻ ആവശ്യമുണ്ടെങ്കിൽ കൂടുതലായി വരുന്ന ഓരോ കിലോമീറ്ററിനും 15 ദിവസം വീതം കൂടുതലായി അനുവദിച്ചിട്ടുണ്ട്. എന്നിരുന്നാലും സമ്പൂർണ്ണ വൈദ്യുതീകരണം ലക്ഷ്യമാക്കി കഴിയുന്നതും വേഗം കണക്ഷനുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി&സി) തളിക്കുളം ഇലക്ട്രിക്കൽ സെക്ഷനു കീഴിൽ മൂന്ന് അപേക്ഷകർക്കും വലപ്പാട് ഇലക്ട്രിക്കൽ സെക്ഷനു കീഴിൽ മൂന്ന് അപേക്ഷകർക്കും വൈദ്യുതി കണക്ഷൻ നൽകുവാനുണ്ട്. ഈ ആറ് സർവ്വീസ് കണക്ഷനുകൾക്കും പ്രോപ്പർട്ടി ക്രോസിംഗ്മൂലം തടസ്സം നിലനിൽക്കുന്നതിനാൽ പ്രശ്നപരിഹാരത്തിനായി എ.ഡി.എം.-ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ കണക്ഷനുകൾ നൽകാനാവുകയുള്ളൂ.

വയനാട് ജില്ലയിലെ രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന

37 (7873) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം വയനാട് ജില്ലയിലെ എത്ര ബി.പി.എൽ. കുടുംബങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കാനാണ് ഉദ്ദേശിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനായി എത്ര തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിൽ എത്ര കുടുംബങ്ങൾക്ക് വൈദ്യുതി നൽകിയെന്നതിന്റെ നിയോജക മണ്ഡലം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) മൊത്തം 5415 ബി.പി.എൽ. കുടുംബങ്ങളുടെ വീടുകൾ വൈദ്യുതീകരിക്കുവാനാണ് ഡി.പി.ആർ.-ൽ വിഭാവനം ചെയ്തിരുന്നതും റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷനിൽനിന്നും 10-3-2010-ൽ അനുമതി ലഭിച്ചിരുന്നതും. എന്നാൽ പദ്ധതി പ്രവൃത്തികൾ നടത്തിവന്നപ്പോൾ കൂടുതൽ അപേക്ഷകൾ ലഭിച്ച അപ്രകാരം 31-3-2013 വരെ മൊത്തം 5634 ബി.പി.എൽ. വീടുകൾ വൈദ്യുതീകരിച്ചു

(ബി) 1433.44 ലക്ഷം രൂപയാണ് അനുവദിച്ചിരുന്നത്. ഇതിൽ 5415 ബി.പി.എൽ. വീടുകൾ വൈദ്യുതീകരിക്കുന്നതിന് 119.13 ലക്ഷം രൂപയാണ് അനുവദിച്ചിരുന്നത്. ഏകദേശം 760 ലക്ഷം രൂപയാണ് 2013-14 കാലയളവിലേക്ക് വിഭാവനം ചെയ്തിരുന്ന തുക. ഇതിൽ ബി.പി.എൽ. വീടുകൾ വൈദ്യുതീകരിക്കുന്നതിനു മാത്രമായി 60 ലക്ഷത്തോളം രൂപ വേണ്ടിവരുന്നു.

(സി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (2013-14) ആർ.ജി.ജി.വി.വൈ. പദ്ധതി പ്രകാരം വയനാട് ജില്ലയിൽ ബി.പി.എൽ. വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകിയതിന്റെ കണക്ക് നിയോജക മണ്ഡലം അടിസ്ഥാനത്തിൽ ചുവടെചേർക്കുന്നു:

1.	സുൽത്താൻബത്തേരി	-	696 എണ്ണം
2.	മാനന്തവാടി	-	415 എണ്ണം
3.	കൽപ്പറ്റ	-	532 എണ്ണം

കാസർഗോഡ് ജില്ലയിലെ ആർ.ജി.ജി.വി.വൈ.

38 (7874) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.ജി.ജി.വി.വൈ പ്രകാരം കാസർഗോഡ് ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകളിൽ വൈദ്യുതീകരണം പൂർത്തിയായെന്നും ഏതെല്ലാം പഞ്ചായത്തുകളിലാണ് പൂർത്തിയാകാനുള്ളതെന്നും വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly